# തിരുകൊച്ചി നാളികേര ഉൽപാദക കമ്പനി നീര വിപണിയിൽ എത്തിക്കും

കൂത്താട്ടുകുളം ● തിരുകൊച്ചി നാളികേര ഉൽപാദക കമ്പനി ഈ മാസം ഒടുവിൽ വാണിജ്യാടിസ്ഥാനത്തിൽ നീര വിപണിയിൽ എത്തിക്കുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. ജില്ലയിലെ നാളികേര ഉൽപാദക ഫെഡറേഷൻ ഭാരവാഹികളുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ടെക്നീഷ്യൻമാരുടെ പരിശീലനം ഇലഞ്ഞിയിലും നെല്ലിമറ്റത്തും ആരംഭിച്ചു. 45 ദിവസം നീളുന്ന പരിശീലനമാണ്. സെപ്റ്റംബർ അഞ്ചിന് പാമ്പാക്കുടയിൽ പരിശീലനം ആരംഭിക്കും. കമ്പനിയുടെ നീര ട്രീറ്റ്മെന്റ് പ്ലാന്റ് മൂത്തോലപുരത്ത് ആരംഭിക്കും. വാഴക്കുളത്ത് നാളികേര വികസന ബോർഡിന്റെ പ്ലാന്റിലെ ഒരു ഷിഫ്റ്റ് തിരുകൊച്ചി നാളികേര കമ്പനിയുടെ നീര ഉൽപാദനത്തിനും ഗവേഷണത്തിനും അനുവദിക്കുമെന്നും ടി.കെ. ജോസ് പറഞ്ഞു. കമ്പനിയുടെ ഓഫിസ് ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. ചെയർമാൻ ജോസഫ് ബാബു അധ്യക്ഷത വഹിച്ചു.

എം.കെ. മന്മഥൻ നായർ, പി.കെ. ഹരിഹരൻ, ശശിധരൻ പുക്കാട്ടുപടി, സി.സി. ജോൺ, ടി.പി. സണ്ണി, എം.കെ.എ. പവിത്രൻ, പി.യു. മത്തായി, അനിൽ എസ്. നായർ, ഫ്രാങ്ക്ളിൻ കുര്യാക്കോസ്, ഷൈജൻ കെ. ജോസഫ്, ജോർജ് ജോസഫ് എന്നിവർ പ്രസംഗിച്ചു.